ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കൽ

57 [1887] *ശ്രീ കോടിയേരി ബാലകൃഷ്ണൻ:*

,, വി. കെ. ചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കാൻ ആലോചിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വാട്ടർ അതോറിറ്റിക്ക് ഈ പദ്ധതികളുടെ പുനരുദ്ധാരണത്തിനാവശ്യമായ സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കുവാൻ ആലോചിച്ചതിന്റെ സാഹചര്യമെന്താണ്;

(ഡി) യഥാർത്ഥ പുനരുദ്ധാരണത്തിനാവശ്യമായ തുകയെക്കാൾ വൻതുക കൺസൾട്ടൻസിക്കുതന്നെ കൊടുക്കേണ്ടിവരുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയുടെതന്നെ മേൽനോട്ടത്തിൽ നിർവ്വഹണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) – (ഇ) വിവരം ശേഖരിച്ചുവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ചെറുകിട ജലസേചന വിഭാഗത്തിന്റെ പണികൾ

58 [1888] *ശ്രീ എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വിഭാഗം 2001 മേയ് മുതൽ 2005 മേയ് മാസം വരെ കഴക്കൂട്ടം നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏതൊക്കെ പണികളാണ് നടപ്പിലാക്കിയത്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഏതൊക്കെ പണികളുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിരുന്നത്; ഇതിൽ എത്രയെണ്ണം അംഗീകരിച്ചു; മറ്റുള്ളവയ്ക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (1) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗത്തിൽ 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ ഏറ്റെടുത്തു നടപ്പിലാക്കിയ നടപടികൾ താഴെ പറയുന്നു:

(1) ശ്രീകാര്യം പഞ്ചായത്തിൽ കാര്യവട്ടം വാർഡിൽ എച്ചിലോട് പിറയുടെ സംരക്ഷണ പണികൾ — 4,90,000 രൂപ.

(2) കഴക്കൂട്ടം പഞ്ചായത്തിൽ ആണ്ടൂർ പൊയ്കനടയിൽ തെറ്റിയാർ തോടിന്റെ സംരക്ഷണ പണികൾ — 4,90,000 രൂപ.

(3) പദ്ധതി സംരക്ഷണം -- മംഗലപുരം പഞ്ചായത്തിൽ മാമം നദിക്കു കുറുകെ കരിമൂല ചെക്ക്ഡാമിന്റെയും ലീഡിംഗ് കനാലിന്റെയും പുനരുദ്ധാരണ പണികൾ — 6,60,000 രൂപ.

(4) പദ്ധതി സംരക്ഷണം — മംഗലപുരം പഞ്ചായത്തിൽ കണ്ട്കൃഷി തോടിന്റെ സംരക്ഷണ പണികൾ — 3,50,000 രൂപ.

(5) നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കിയ പണി — എം.ഐ. ക്ലാസ് വൺ — അണ്ടൂർകോണം പഞ്ചായത്തിൽ പിറക്കര ഏലായിൽ പള്ളിപ്പുറം തോട്ടിൽ രണ്ട് വി.സി.ബി. നിർമ്മാണവും തോടിന്റെ സംരക്ഷണ പണികളും — 7,87,000 രൂപ.

(6) നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കിയ പണി - എം.ഐ. ക്ലാസ് രണ്ട് — കഴക്കൂട്ടം പഞ്ചായത്തിൽ ശാസ്തവട്ടം ഏലായിൽ രണ്ട് വി.സി.ബി. നിർമ്മാണവും സംരക്ഷണ പണികളും -- 6,50,000 രൂപ.

(7) ടി — പോത്തൻകോട് പഞ്ചായത്തിൽ തെറ്റിയാർ തോട്ടിൽ മുത്തുണ്ണി മുക്കിനും ഒരുവാമൂലയ്ക്കും ഇടയ്ക്ക് രണ്ട് വി.സി.ബി. നിർമ്മാണവും സംരക്ഷണ പണികളും — 6,90,000 രൂപ.

(8) ടി — മംഗലപുരം പഞ്ചായത്തിൽ മുറിഞ്ഞപാലം മടമുഴിത്തോട്ടിൽ രണ്ട് വി.സി.ബി.യുടെ നിർമ്മാണവും സംരക്ഷണ പണികളും — 12,10,000 രൂപ.

(9) പെരുമാതുറ മുതൽ പുതുക്കുറിച്ചി വരെ 1,200 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം.

(10) വേളി ഐ.എസ്.ആർ.ഒ. പാലം മുതൽ പുത്തൻതോപ്പിനടുത്ത് ടി.എസ്. കനാലിൽ ചെയിനേജ് 15520 മീ. വരെ വരുന്ന ഭാഗങ്ങളിൽ മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുന്ന എട്ട് പണികൾക്ക് അംഗീകാരം നൽകി. അവയിൽ നാലെണ്ണം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(II) *പുരോഗമിക്കുന്ന പണികൾ*

(1) ഡെപ്പോസിറ്റ് വർക്ക് – അണ്ടൂർകോണം പഞ്ചായത്തിലെ പള്ളിപ്പുറം 400 കെ. വി. സബ്സ്റ്റേഷനിലെ ഇറിഗേഷൻ തോടിന്റെ ഡൈവേർഷൻ പണി – 30 ലക്ഷം രൂപ.

(2) വെള്ളപ്പൊക്ക കെടുതികൾ – അണ്ടൂർകോണം പഞ്ചായത്തിൽ പവർഗ്രിഡ് കോർപ്പറേഷന്റെ കിഴക്കു വശത്തുള്ള അലവൻകീഴ്കരി ഏലായിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള സംരക്ഷണ പണികൾ – 4 ലക്ഷം രൂപ.

(3) പദ്ധതി സംരക്ഷണം – അണ്ടൂർകോണം പഞ്ചായത്തിൽ പരിവിൽ പാലം വാർഡിലെ തെടുമ്പാക്കൽ തോടിന്റെ പുനരുദ്ധാരണ പണികൾ – 3 ലക്ഷം രൂപ.

(4) ടി – പോത്തൻകോട് പഞ്ചായത്തിൽ പുളിവീട് വാർഡിലെ കരൂർ കുളത്തിന്റെ പുനരുദ്ധാരണ പണികൾ – 3 ലക്ഷം രൂപ.

(ബി) 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ ചെറുകിട ജലസേചന വിഭാഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന 17 പ്രവൃത്തികളിൽ 12 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, ജലസേചന വിഭാഗത്തിൽനിന്നും അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന 18 പ്രവൃത്തികളിൽ 9 എണ്ണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ശേഷിക്കുന്നവയ്ക്ക് സാമ്പത്തികലഭ്യതയനുസരിച്ച് അംഗീകാരം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്. ഇവ താഴെ പറയുന്നു:

(1) വെള്ളപ്പൊക്ക കെടുതികൾ – കഴക്കൂട്ടം പഞ്ചായത്തിൽ കൊച്ചുതോടിന്റെ സംരക്ഷണ പണികൾ.

(2) ടി – കഠിനംകുളം പഞ്ചായത്തിൽ കരിക്കവയൽ തോടിന്റെ സംരക്ഷണ പണികൾ.

(3) ടി – അണ്ടൂർകോണം പഞ്ചായത്തിൽ രണ്ടാം വാർഡിൽ കാട്ടനട തോടിന്റെ സംരക്ഷണ പണികൾ.

(4) പോത്തൻകോട് പഞ്ചായത്തിൽ ഇടത്തോട് മുതൽ മുഴിഭാഗം വരെ ഇടത്തോടിന്റെ സംരക്ഷണ പണികൾ.

(5) കഴക്കൂട്ടം പഞ്ചായത്തിൽ കരിയാർ വാർഡിൽ കരിയൽ തോട്ടിൽ തട്ടാൻകരി ഭാഗത്തുള്ള സംരക്ഷണ പണികൾ.

LIBRARY ARCHIVES Kerala Legislative Assembly

(6) പുതുക്കുറിച്ചി മുതൽ വെട്ടുതുറ വരെ രണ്ട് കി. മീ. നീളത്തിലും വേളി പൊഴിക്ക് വടക്ക് 500 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള മൂന്ന് പണികൾ.

(7) ടി. എസ്. കനാലിൽ പൗണ്ട്കടവ് മുതൽ പള്ളിത്തുറ വരെ വരുന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മാണവും കനാലിന്റെ ആഴം കൂട്ടുന്നതും ഉൾപ്പെടുത്തി 6 പണികൾ.

ഗാർഹിക ഉപഭോഗത്തിനുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി

59 [1889] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗത്തും ഗാർഹിക ഉപയോഗത്തിനുള്ള പൈപ്പ് കണക്ഷനിൽനിന്നുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർശനമായി ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുമ്പോൾ ഉപഭോക്താവിന് ഇതു സംബന്ധിച്ച നോട്ടീസ് നൽകുകയും ഉയർന്ന നിരക്കും പിഴയും ഈടാക്കുകയും കണക്ഷൻ റിച്ചേദിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗാർഹിക ഉപഭോഗത്തിനുള്ള ജലം ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കിൾതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

തുടർനിർമ്മാണപ്രവർത്തനം മുടങ്ങിയ ശുദ്ധജല വിതരണ പദ്ധതികൾ

60 [1890] *ശ്രീ. എ. എൻ. രാജൻ ബാബു:*

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly